(ബി) ആരോഗ്യ വകുപ്പിലെ ജീവനക്കാരനായിരുന്ന അപേക്ഷകയുടെ പിതാവ് ഭാസ്ക്കരൻ പിള്ളയുടെ മരണത്തെ തുടർന്ന് നൽകിയ അപേക്ഷ പരിഗണിച്ച് ആശ്രിതയ്ക്ക് ജോലി നൽകുന്നതിന് ഉത്തരവുണ്ടാകുന്നതിനുള്ള തടസ്സം എന്തെന്ന് വെളിപ്പെടുത്തുമോ;

(സി) കാലതാമസം ഒഴിവാക്കി കഴിവതും വേഗം ഗീതയ്ക്ക് ആശ്രിത നിയമനവ്യവസ്ഥയിൽ ജോലി നൽകി ഉത്തരവുണ്ടാകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നൽകിയിരുന്നു,

(ബി)&സി) ജോലിക്കുള്ള അർഹത പരിശോധിക്കുന്നതിന് ആശ്രിത നിയമന വ്യവസ്ഥകൾ അനുശാസിക്കുന്ന തരത്തിലുള്ള കൃത്യമായ രേഖകൾ അപേക്ഷക നൽകിയിട്ടില്ല. അത് ലഭിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് അപേക്ഷ പരിശോധിച്ച് ആവശ്യമായ ഉത്തരവ് കഴിവതുംവേഗം പുറപ്പെടുവിക്കുന്നതാണ്.

സർക്കാർ ഓഫീസുകളിലെ ഫയലുകൾ

81(792) ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സർക്കാരാഫീസുകളിൽ കെട്ടികിടക്കുന്ന ഫയലുകളിൽ വേഗത്തിൽ തീർപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

ഉത്തരം

സംസ്ഥാനത്തെ സർക്കാരാഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകളിൽ എത്രയും വേഗം തീർപ്പു കൽപ്പിക്കുന്നതിനായി 1999-നവംബർ 15 മുതൽ 27 വരെ ഊർജ്ജിത ഫയൽ തീർപ്പ് വാരമായി ആചരിക്കുകയുണ്ടായി. ഇതിനായി തീവ്രയത്ന പരിപാടികൾ സെക്ഷൻ/വകുപ്പ്തലത്തിൽ മാസത്തിലൊരിക്കൽ സംഘടിപ്പിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്; കൂടാതെ എല്ലാ വകുപ്പുകളിലും കെട്ടിക്കിടക്കുന്നതും തീർപ്പാക്കുന്നതുമായ ഫയലുകളെ സംബന്ധിച്ച വിവരം എല്ലാ മാസവും അവലോകനം നടത്തുകയും ചെയ്തു വരുന്നു.

ഫയൽ നിരീക്ഷണ നിയന്ത്രണ സംവിധാനം സംബന്ധിച്ചു ഭരണപരിഷ്കാരകമ്മറ്റി ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ഈ വിഷയം ഇപ്പോൾ സർക്കാർ പരിശോധിച്ചു വരികയാണ്.

ഐ.എം.ജിയിലെ അസോസിയേറ്റ് ഫെല്ലോ തസ്തികയിലെ നിയമനത്തിനുള്ള മാനദണ്ഡം

82 (793) ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വയംഭരണ സ്ഥാപനമായ ഐ.എം.ജി.യിൽ അസോസിയേറ്റ് ഫെലോ ആയി സർക്കാർ സർവ്വീസിൽ നിന്നും ഡെപ്യൂട്ടേഷ

LIBRARY ARCHIVES Kerala Legislative Assembly